# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 137　　　09/06/2014-ൽ മറുപടിയ്ക്ക്

## കൈനകരി ഗ്രാമപഞ്ചായത്തിലെ പദ്ധതികൾ

| ചോദ്യം<br>ശ്രീ. തോമസ് ചാണ്ടി: | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) ഫിഷറീസ് വകുപ്പിന്റെ കീഴിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൈനകരി ഗ്രാമപഞ്ചായത്തിലെ 30.4 ലക്ഷം രൂപയുടെ തേവർക്കാട് - വെള്ളാമത്ര റോഡ് റീടെൻഡർ ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ; | (എ) ഫിഷറീസ് വകുപ്പിന്റെ കീഴിലെ അപ്ഗ്രഡേഷൻ ഓഫ് കോസ്റ്റൽ റോഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയ കൈനകരി ഗ്രാമപഞ്ചായത്തിലെ 30.40 ലക്ഷം രൂപയുടെ തേവർക്കാട്-വെള്ളാമത്ര റോഡിന്റെ ആദ്യത്തെ ഇ-ടെൻഡറിൽ ആരും പങ്കെടുക്കാത്തതിനെ തുടർന്ന് 17/06/2014 അവസാനതീയതിയായി വീണ്ടും ഇ-ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |
| (ബി) കൈനകരി ഗ്രാമപഞ്ചായത്തിലെ 40 ലക്ഷം രൂപയുടെ പത്തിൽപാലം - മുട്ടേൽപാലം റോഡ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (ബി) കൈനകരി ഗ്രാമപഞ്ചായത്തിലെ 40.00 ലക്ഷം രൂപയുടെ പത്തിൽപാലം - മുട്ടേൽപാലം റോഡിന്റെ ദർഘാസിന് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) കൈനകരി പഞ്ചായത്തിലെ 31.6 ലക്ഷം രൂപയുടെ ബേക്കറി പാലത്തിന്റെ വടക്കുവശം റോഡ് നിർമ്മാണത്തിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (സി) കൈനകരി ഗ്രാമപഞ്ചായത്തിലെ 31.6 ലക്ഷം രൂപയുടെ ബേക്കറി പാലത്തിന്റെ വടക്കുവശം റോഡ് നിർമ്മാണത്തിന് 12/06/2014 അവസാന തീയതിയായി ഇ - ടെൻഡർ ക്ഷണിച്ചിട്ടുണ്ട്. |

സെക്ഷൻ ആഫീസർ